**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1318** **07-02-2023 - ൽ മറുപടിയ്ക്ക്**

**പൈതൃക ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഒ . ആർ. കേളു,<br>ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ,<br>ശ്രീ. എ. രാജ,<br>ശ്രീ. എച്ച്. സലാം** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കോവിഡ് വ്യാപനത്തിന് ശേഷം ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് കോവിഡ് വ്യാപനത്തിന് ശേഷം ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ ക്രമാനുഗതമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2020, 2021, 2022, വർഷങ്ങളിൽ കേരളം സന്ദർശിച്ച ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണം യഥാക്രമം 49,88,972, 75,37,617, 1,88,67,414 ആണ്. കോവിഡിനു മുമ്പുള്ള 2019 വർഷത്തെ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തേക്കാൾ 2.63% അധികം ആഭ്യന്തര വിനോദസഞ്ചാരികൾ 2022 – ൽ കേരളം സന്ദർശിച്ചിട്ടുണ്ട്. |
| (ബി) | ആഭ്യന്തര വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | കേരളത്തെ ആഭ്യന്തര വിനോദ സഞ്ചാരികളുടെ ഒരു പ്രധാന ടൂറിസ്റ്റ് കേന്ദ്രമായി ആകർഷിക്കുവാൻ വിവിധ മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>ആഭ്യന്തര ടൂറിസ്റ്റുകളെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിനായി വിവിധങ്ങളായ പ്രചാരണ പദ്ധതികൾ സംഘടിപ്പിച്ചു വരുന്നു.<br><br>'ചെയ്ഞ്ച് ഓഫ് എയർ' എന്ന തീമിനെ അടിസ്ഥാനമാക്കി വിഷ്വൽ മീഡിയകളുടെയും, പ്രിൻറ് മീഡിയകളിലൂടെയും, സാമൂഹിക മാധ്യമങ്ങളിലൂടെയും ആണ് ഈ ക്യാമ്പയിനുകൾ നടപ്പിലാക്കിയത്.<br><br>**<u>പോസ്റ്റ് കോവിഡ് ക്യാമ്പയിനുകൾ</u>**<br><br>1. പോസ്റ്റ് കോവിഡ് ക്യാമ്പയിൻ ഇൻ ഒ.റ്റി.റ്റി. ചാനൽ<br><br>2. പോസ്റ്റ് കോവിഡ് ക്യാമ്പയിൻ എഫ്.എം. റേഡിയോ ആൻഡ് മ്യൂസിക് സ്ട്രീമിംഗ് ചാനൽസ്. |

3. പോസ്റ്റ് കോവിഡ് ക്യാമ്പയിൻ-നാഷണൽ ടിവി

4. പോസ്റ്റ് കോവിഡ് ഓൺലൈൻ ആഡ് ക്യാമ്പയിൻ

5. പോസ്റ്റ് കോവിഡ് സോഷ്യൽ മീഡിയ ടാക്ടിക്കൽ ക്യാമ്പയിൻ

തദ്ദേശീയരെ ലക്ഷ്യമാക്കി 'കേരളം കാണാം' എന്ന ക്യാമ്പയിൻ സാമൂഹിക മാധ്യമങ്ങൾ കൂടി ആവിഷ്കരിച്ച നടപ്പിലാക്കി. കൂടാതെ കേരള ടൂറിസത്തിന്റെ വെബ്സൈറ്റ് വഴി 'വിർചൽ ടൂർ' ക്യാമ്പയിൻ നടത്തുകയും ചെയ്തു.

മറ്റ സംസ്ഥാനങ്ങളിൽ നിന്നുള്ള സഞ്ചാരികളെ ലക്ഷ്യമാക്കി വെഡ്ഡിംഗ് ഡെസ്റ്റിനേഷൻ, ഹണിമൂൺ, ഡ്രൈവ് ഹോളിഡെയ്സ് എന്നീ ക്യാമ്പയിനുകൾ ആവിഷ്കരിച്ച് നടപ്പിലാക്കി. ഇന്ത്യയിലെ മികച്ച ട്രാവൽ ബ്ലോഗർമാരെ കേരളത്തിലെ വിവിധ ടൂറിസം കേന്ദ്രങ്ങൾ സന്ദർശിപ്പിക്കുകയും അവർ മുഖേന സമൂഹ മാധ്യമങ്ങളിൽ പ്രചാരണം നടത്തുകയും ചെയ്തു.

കോവിഡ് മഹാമാരി മൂലമുണ്ടായ യാത്രാനിയന്ത്രണങ്ങൾ നീക്കം ചെയ്തതിന് ശേഷം യാത്ര ചെയ്യാൻ ഏറ്റവും സുരക്ഷിതമായ സ്ഥലമാണ് കേരളം എന്ന വസ്തുത ശക്തിപ്പെടുത്തുന്നതിനായി 'പോസ്റ്റ് കോവിഡ് റീ അഷ്വറൻസ് ക്യാമ്പയിൻ' സാമൂഹിക മാധ്യമങ്ങളിലൂടെയും ഡിജിറ്റൽ മീഡിയ വഴിയും നടത്തി വരുന്നു. കേരളത്തിലേക്കുള്ള അവധിക്കാല യാത്രകൾ പുനരുജ്ജീവിപ്പിക്കുന്നതിനും ആഭ്യന്തര വിപണികളിൽ ഒന്നാമത് എത്തുന്നതിനും 'പോസ്റ്റ് കോവിഡ് ഡൊമസ്റ്റിക് ക്യാമ്പയിനും' നടത്തിവരികയാണ്.

സംസ്ഥാനത്ത് മൺസൂൺ ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് കാലാകാലങ്ങളിൽ വിവിധങ്ങളായ പ്രചരണ പരിപാടികൾ സംഘടിപ്പിച്ച വരാറുണ്ട്. "ഓഫ് സീസൺ / ഡ്രീം സീസൺ" ക്യാമ്പുകളെ പരമാവധി പ്രയോജനപ്പെടുത്തി മൺസൂൺ ടൂറിസത്തിന്റെ സാധ്യതകൾ വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ച വരുന്നു. ഇപ്പോൾ നടന്നുവരുന്ന പോസ്റ്റ് കോവിഡ് ക്യാമ്പയിനുകളും മൺസൂൺ സാധ്യതകളെ പ്രയോജനപ്പെടുത്തുന്ന രീതിയിലാണ് ആവിഷ്കരിച്ചിരിക്കുന്നത്.

നൂതനവും കാലികവുമായ പ്രചരണ പരിപാടികളും, കോവിഡിന് ശേഷം സംസ്ഥാനം സഞ്ചാരികൾക്ക്

| | | | |
|---|---|---|---|
| | | | സുരക്ഷിതമാണ് എന്ന നിലയിലുള്ള പ്രചരണപരിപാടികളും സംഘടിപ്പിച്ചുവരുന്നു.<br><br>**<u>കാരവൻ ടൂറിസം</u>**<br><br>നൂതനമായ ടൂറിസം ഉൽപ്പന്നം എന്ന നിലയിൽ കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനായി കാരവൻ ടൂറിസം എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്.<br><br>**<u>മൊബൈൽ ആപ്പ്</u>**<br><br>സഞ്ചാരികൾക്ക് വിവിധ ടൂറിസം കേന്ദ്രങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ വിരൽത്തുമ്പിൽ ലഭ്യമാകുന്ന രീതിയിൽ നവീകരിച്ച മൊബൈൽ ആപ്പ് പുറത്തിറക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | വിനോദസഞ്ചാര മേഖലയിൽ നടപ്പാക്കി വരുന്ന പൈതൃക ടൂറിസം പദ്ധതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ? | (സി) | വിനോദസഞ്ചാര മേഖലകളിൽ പൈതൃക ടൂറിസത്തിന് പ്രാധാന്യം മനസ്സിലാക്കി കൊണ്ട് മുസിരീസ് പൈതൃക പദ്ധതി, ആലപ്പുഴ പൈതൃക പദ്ധതി, തലശ്ശേരി പൈതൃക ടൂറിസം പദ്ധതി, ട്രാവൻകൂർ ഹെറിറ്റേജ് പദ്ധതി തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ